**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5766** **08-11-2021 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഓരോ ജില്ലയിലെയും വ്യാവസായിക പുരോഗതിയെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ജില്ല തിരിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.എന്നാൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ ധനസഹായ പദ്ധതികളുടെയും പ്രോത്സാഹന പ്രവർത്തനങ്ങളുടെയും ഫലമായി സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന MSME മേഖലയിലുള്ള സംരംഭങ്ങളുടെ വിവരങ്ങൾ ഓരോ വർഷവും ഓൺലൈൻ സംവിധാനമായ എം ഐ എസ് (Management Information System) വഴി ശേഖരിച്ച് വരുന്നുണ്ട്.ഇതിൽ ഓരോ ജില്ലയിലും ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം,ആയത് വഴി ജില്ലയിൽ വന്ന നിക്ഷേപം,തൊഴിൽ അവസരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ഓൺലൈൻ വിവരശേഖരണ പോർട്ടൽ ആയ വ്യവസായ ജാലകം വഴിയും MSME സംരംഭങ്ങളുടെ കണക്ക് ശേഖരിച്ച് വരുന്നുണ്ട്.ഇതിൽ സംസ്ഥാനത്ത് MSMEമേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ സമഗ്രമായ വിവരങ്ങളാണ് രേഖപ്പെടുത്തി വരുന്നത്. ഓരോ ജില്ലയുടെയും വ്യവസായ മേഖലയിലുള്ള മുന്നേറ്റം മേൽ പറയും പ്രകാരമുള്ള വിവരസമ്പത്തിൽ നിന്നും വിശകലനം ചെയ്ത് വരുന്നുണ്ട് . |
| (ബി) | എങ്കിൽ സംസ്ഥാനത്ത് വ്യാവസായികമായി ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ച ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ വർഷവും പുതുതായി ആരംഭിക്കുന്ന MSME യൂണിറ്റുകളുടെ കണക്കുകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഓൺലൈൻ സംവിധാനമായ എം ഐ എസ് (Management Information System)പ്രകാരം എറണാകുളം,തൃശ്ശൂർ,പാലക്കാട്,തിരുവനന്തപുരം ജില്ലകളിലാണ് താരതമ്യേന കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നത് . |
| (സി) | വ്യാവസായികമായി ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള ജില്ലകൾ | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഓൺലൈൻ സംവിധാനമായ എം ഐ എസ് (Management Information System)ആധാരമാക്കിയാൽ |

| | | | |
|---|---|---|---|
| | ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | ഇടുക്കി,വയനാട്,കാസർകോട്,പത്തനംതിട്ട ജില്ലകളിലാണ് താരതമ്യേനെ കുറവ് സംരംഭങ്ങൾ ആരംഭിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ജില്ലകൾ പിന്നാക്കമാകാൻ കാരണമെന്താണെന്നും പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ഡി) | ജില്ലകളിലെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ പ്രത്യേകം പഠനവിധേയമാക്കിയിട്ടില്ല.എന്നാൽ നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഇടുക്കി,വയനാട്,കാസർകോട്,പത്തനംതിട്ട ജില്ലകളെ പിന്നോക്ക ജില്ലകളായി കണ്ട് ടി ജില്ലകളിൽ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്മേൽ സാധാരണ നൽകുന്ന സബ്സിഡിയ്ക്ക് പുറമെ 10 % ( പരമാവധി 10 ലക്ഷം രൂപ വരെ ) അധിക സബ്സിഡി അനുവദിച്ച് വരുന്നുണ്ട്.ടി ജില്ലകളിൽ കൂടുതൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ അധിക സബ്സിഡി നൽകി വരുന്നത് |

സെക്ഷൻ ഓഫീസർ